ഉത്തരം

(എ) 373.27 കോടി രൂപ (ഭൂമി ഏറ്റെടുക്കുന്നതിനായി 302.72 കോടിയും പലിശയിനത്തിൽ 70.55 കോടിയും)

(ബി) ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന് 97 ഏക്കറും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരളയ്ക്ക് 10.33 ഏക്കറും ഇൻഫോസിസിന് 49.84 ഏക്കറും സൺടെക്കിന് 10 ഏക്കറും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് 5 ഏക്കറും അനുവദിച്ചിട്ടുണ്ട്.

(സി) ഇന്ത്യൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള, സൺടെക് എന്നീ കമ്പനികൾ തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ നടത്തിവരുന്നു. ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന്റെ പ്രവർത്തനങ്ങൾക്ക് തറക്കല്ലിടുകയും മാസ്റ്റർ പ്ലാൻ തയ്യാറാവുകയും ചെയ്തിട്ടുണ്ട്.

ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ

277 (2515) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരസാങ്കേതിക വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സഹായത്തോടെ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ എന്ന യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തന വ്യാപ്തിയെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ യൂണിറ്റിന്റെ ഭരണപരമായ നിയന്ത്രണം എങ്ങനെയെന്നുള്ള വിവരം, നിലവിലുള്ള ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള പട്ടിക സഹിതം ലഭ്യമാക്കുമോ ; ഇവരുടെ ശമ്പളയിനത്തിനായി പ്രതിമാസം എത്ര രൂപ ചെലവിടുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തെ ടെക്നോപാർക്കും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പും ചേർന്ന് സംയുക്തമായി 2006-ൽ ആരംഭിച്ച പദ്ധതിയാണ് ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ. നൂതനമായ ആശയങ്ങളെ കണ്ടെത്തി അവയെ ഒരു ബിസിനസ്സ് സ്ഥാപനമായി ഉയർത്തി കൊണ്ടുവരുവാൻ മതിയായ മാർഗ്ഗനിർദ്ദേശങ്ങളും ധനസഹായവും പരിശീലനങ്ങളും സ്ഥലസൗകര്യങ്ങളുമുൾപ്പെടെ വിവിധ ബിസിനസ്സുകാരുമായി ബന്ധപ്പെടുവാനുള്ള അവസരം ഒരുക്കുക എന്നതുമാണ് ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററിന്റെ പ്രധാന ലക്ഷ്യം. ടെക്നോപാർക്ക്-റ്റി.ബി.ഐ. ആരംഭിച്ച മറ്റ് സംരംഭങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. നാഷണൽ സെന്റർ ഫോർ ഇന്നവേഷൻ, ഇൻക്യുബേഷൻ ആന്റ് എന്റർപ്രണർഷിപ്പ്.
2. ടെക്നോപാർക്ക് ടെപ്പ്-ഔട്ട്റീച്ച് കം ക്ലസ്റ്റർ ഇന്നവേഷൻ സെന്റർ.
3. ടെക്നോപാർക്ക് സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ് കോംപിറ്റൻസി സെന്റർ.
4. സൈബർ സെക്യൂരിറ്റി അസ്സസ്മെന്റ് സെന്റർ.
5. ഇലക്ട്രോണിക്സ് ആന്റ് എംബഡഡ് ലാബ്.
6. മൊബൈൽ കമ്മ്യൂണിക്കേഷൻ ലാബ്.
7. സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ് ലാബ്.
8. ഓപ്പൺ -ഐ-സ്പെയ്സ്.
9. ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെൽ.

(സി) ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിലെ ഉദ്യോഗസ്ഥന്മാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

നമ്പർ	പേര്	തസ്തിക
1	സൂര്യ തങ്കം എസ്	അസിസ്റ്റന്റ് മാനേജർ
2	മേരി തോമസ്	അസിസ്റ്റന്റ് മാനേജർ
3	വരുൺ. ജി.	അസിസ്റ്റന്റ് ടെക്നിക്കൽ ഓഫീസർ
4	വിനോദ് കുമാർ. ബി. ജി.	അസിസ്റ്റന്റ് ടെക്നിക്കൽ ഓഫീസർ
5	വിഷാൽ. ബി	അസിസ്റ്റന്റ് ടെക്നിക്കൽ ഓഫീസർ
6	ആര്യ കൃഷ്ണൻ. ഇ	ജൂനിയർ ടെക്നിക്കൽ ഓഫീസർ
7	ഗോകുൽ. വി.	ജൂനിയർ എക്സിക്യൂട്ടീവ്
8	സജ്ന. എ.	ജൂനിയർ എക്സിക്യൂട്ടീവ്
9	.മനു. എസ്.	ജൂനിയർ എക്സിക്യൂട്ടീവ്

ഇവരുടെ ശമ്പളയിനത്തിലേക്കായി പ്രതിമാസം 244923 രൂപ ചെലവിടുന്നുണ്ട്.